## കൺസ്യൂമർ ന്യൂസ് പ്രസിദ്ധീകരണങ്ങൾ

1. ഉപഭോക്തൃ സംരക്ഷണ നിയമം സാധാരണക്കാരന്റെ നിയമം. വില 2 രൂപ
2. വനിതകളും ഉപഭോക്തൃ സംരക്ഷണ നിയമവും. വില 2 രൂപ
3. ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിൽ പരാതി സമർപ്പിക്കുന്നതെങ്ങനെ? വില 5 രൂപ
4. പോലീസും ജനങ്ങളും. വില 5 രൂപ
5. അളവുകളും തൂക്കങ്ങളും ഒരു വിശദീകരണം. വില 2 രൂപ
6. മായം ചേർക്കൽ കണ്ടുപിടിക്കുന്നതെങ്ങനെ വില 2 രൂപ
7. തിരഞ്ഞെടുത്ത തർക്കപരിഹാര ഫോറം വിധികൾ വില 5 രൂപ
8. ഉപഭോക്തൃ സംരക്ഷണ നിയമം 1986 199 ലെ ഭേദഗതികൾ ഉൾപ്പെടെ വില 5 രൂപ
9. എന്തിനെല്ലാം പരാതിസമർപ്പിക്കാം? വില 2 രൂപ
10. ഉപഭോക്താക്കൾ അറിയേണ്ടും കാര്യങ്ങൾ വില 2 രൂപ
11. വിജ്ഞാന വിപ്ലവം- വില 25 രൂപ
12. യുവതീയുവാക്കൾ അറിയേണ്ടും കാര്യങ്ങൾ വില 10 രൂപ
13. ഹാപ്പി ഐസ്ക്രീം (നിയമം കുട്ടികൾക്ക്) വില 3 രൂപ
14. [illegible]കളെക്കുറിച്ച് നിങ്ങൾക്ക് എന്തറിയാം? വില 5 രൂപ
15. ലഹരിയും ഉപഭോക്താവും. വില 2 രൂപ
16. കർഷകനും ഉപഭോക്തൃ സംരക്ഷണ നിയമവും. വില 3 രൂപ
17. വൈദ്യുതിയും ഉപഭോക്താവും. വില 5 രൂപ
18. കെട്ടിട നിർമ്മാണവും ഉപഭോക്തൃസംരക്ഷണ നിയമവും. വില 5 രൂപ
19. ഉണരൂ സ്വയമായി വില 1 രൂപ
20. ഇതാണോ രാജാക്കന്മാർ വില 1 രൂപ
21. അറസ്റ്റ് (നിയമം കുട്ടികൾക്ക്) വില 7 രൂപ
22. അറസ്റ്റ്-നിങ്ങളുടെ അവകാശങ്ങൾ വില 5 രൂപ
23. എയ്ഡ്സ് വില 5 രൂപ
24. പഞ്ചായത്തീരാജും-ഉപഭോക്താവും. വില 5 രൂപ
25. ഇന്ത്യൻ ഭരണഘടന (സാധാരണ ജനങ്ങൾക്ക്) വില 1 00 രൂപ
26. ടെലിഫോണും ഉപഭോക്തൃ സംരക്ഷണനിയമവും. വില 20രൂപ
27. സ്ത്രീകളും ഇന്ത്യൻ ഭരണഘടനയും. വില 5രൂപ
28. പൊതു താല്പര്യ വ്യവഹാരം വില15 രൂപ
29. സമ്മാനം [ഉപഭോക്തൃ സംരക്ഷണപ്രവർത്തകർക്കുള്ളഗൈഡ് വില 60രൂപ
30. വിവാഹിതരാകുന്നവർക്ക് ഒരുഗൈഡ് വില 10 രൂപ
31. റോഡപകടങ്ങൾ-നിങ്ങൾ എന്തുചെയ്യണം. വില2 രൂപ
32. ഡിസംബർ 26 വില 5 രൂപ
33. മനുഷ്യാവകാശം. വില 5 രൂപ
34. തയ്യൽ തൊഴിലാളികളും ഉപഭോക്തൃ സംരക്ഷണനിയമവും. വില 5 രൂപ

---


പണം മണിഓർഡറായി മുൻകൂർ അയക്കുക.

കോപ്പികൾക്ക്,
കൺസ്യൂമർ ന്യൂസ് ബുക്ക് ക്ലബ്ബ്, എടൂർ പി.ഒ. 670704

# ആമിനയുടെ അമ്മിണി

(കുട്ടികൾക്ക് പരിസ്ഥിതി നിയമ സംബന്ധമായ അറിവ് നല്കുന്ന പുസ്തകം)

എം. വി. മാത്യു



നോസർ-ഇന്ത്യ-പായം-670 704 ഉം കണ്ണൂർ ജില്ലാ വനവിജ്ഞാന വ്യാപനകേന്ദ്രം കണ്ണൂർ 670012 ഉം സംയുക്തമായി പ്രസിദ്ധീകരിക്കുന്നു.

സംഭാവന 2 രൂപ

പ്രിയ കുഞ്ഞുമക്കളെ,

''ആതിനയുടെ അമ്മിണി'യെ നിങ്ങൾ കണ്ടിട്ടുണ്ടോ? സുന്ദരിയാണ്. പക്ഷെ ഒരു രോഗവുമില്ലാത്ത അമ്മിണി രോഗിണിയായി മരിച്ചു. കണ്ടോ ഒരു കുടുംബത്തിന്റെ വരുമാനം തീർന്നു. പട്ടിണിയിലായി. കാരണം നിസ്സാരമെന്ന് നമ്മൾ കരുതുന്ന പ്ലാസ്റ്റിക്ക് കൂടുകൾ.

പ്ലാസ്റ്റിക് കൂടുകൾ ലോകത്തിൽ മുഴുവൻ നാശം വിതക്കുവാൻ തയ്യാറാകുകയാണ്. ഭൂമിയുടെ വളം ഇല്ലാതാകും. വെള്ളം ഭൂമിയിലേക്കിറങ്ങാതാകും., പ്ലാസ്റ്റിക് കത്തിക്കുമ്പോഴുണ്ടാകുന്ന പുക ശ്വാസകോശത്തെ തകർക്കും, മനുഷ്യജീവനെ തകർക്കുന്ന പ്ലാസ്റ്റിക്കിന്റെ ഉപയോഗം എന്തുകൊണ്ട് നമ്മൾ കുറയ്ക്കുന്നില്ല.

കുഞ്ഞുമക്കളെ പ്ലാസ്റ്റിക്കിനെ മുഴുവനായി ഉപേക്ഷിക്കൂ. നമ്മുടെ ജീവനെ നശിപ്പിക്കുന്ന വില്ലനായ പ്ലാസ്റ്റിക്ക് ഇനി നമുക്കുവേണ്ട.

നമുക്ക് ഇന്നൊരു പ്രതിജ്ഞയെടുത്തുകൂടെ പ്ലാസ്റ്റിക്ക് കൂടുകൾ ഒഴിവാക്കി തുണിസഞ്ചിയും കടലാസ്സു കൂടുകളും ഉപയോഗിക്കാം. അല്ല,

സ്നേഹപൂർവ്വം
എം. വി മാത്യു.
(പ്രസിഡൻറ് നോസർ-ഇന്ത്യ)



## അവതാരിക

എല്ലാ ജീവജാലങ്ങളും പരസ്പരാശ്രയത്തോട് കൂടി അഭയം പ്രാപിക്കുന്ന നമ്മുടെ ഭൂമി ഇന്ന് വിനാശത്തിന്റെവക്കിലാണ്. പുഴകളും, അരുവികളും, തോടും കാടും, മണ്ണും, വായുവും എല്ലാം അത്യന്തികമായ പ്രതിസന്ധിയിലാണ്. ഈ ഘട്ടത്തിൽ നമ്മുടെ ഭാവി നാം എന്തുചെയ്യുന്നു, എന്ത് ചെയ്യാതിരിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു.

നമ്മുടെ ഭൂമി അതിന്റെ പൂർണ്ണ 'ആരോഗ്യത്തോടുകൂടി' ഭാവിതലമുറകൾക്ക് വേണ്ടി സംരക്ഷിക്കേണ്ടത് നമ്മുടെ കൂട്ടായ ഉത്തരവാദിത്വമാണ്. ഈ ഉത്തരവാദിത്വത്തിന്റെ ഒരു പങ്ക് നമുക്ക് നമ്മുടെ കുട്ടികൾക്ക് കൈമാറാം അവരെ ഭൂമിയെ സ്നേഹിക്കാൻ പഠിപ്പിക്കാം. ചെറിയ ചെറിയ പ്രവർത്തികളിലൂടെ ഭൂമിയെ ഹരിതാഭമാക്കാൻ പ്രേരിപ്പിക്കാം. പ്രകൃതിയോട് സഹകരിച്ചും, ഇണങ്ങിയും ജീവിക്കാൻ പഠിപ്പിക്കാം. പ്രകൃതിയെ അപകടപ്പെടുത്താതെയുള്ള മനുഷ്യപുരോഗതിയെക്കുറിച്ച് ബോധവാന്മാരാക്കാം.

ആദിനയുടെഅമ്മിണി' എന്നചെറുകഥ ഹരിതാഭമായ ഭൂമിക്കുവേണ്ടിയുള്ള വഴികാട്ടിയാണ്.

മനുഷ്യനും അവന്റെ വളർത്തുമൃഗങ്ങളും തമ്മിലുള്ള ആഗാധമായ സ്നേഹബന്ധങ്ങളും അത് നഷ്ടപ്പെടുമ്പോൾ ഉള്ളവേദനയും തന്റെ പ്രിയപ്പെട്ട അമ്മിണിയുടെ മരണത്തിന് കാരണമായ പ്ലാസ്റ്റിക്കിനോടുള്ള വിരോധവുമാണ് ആദിനയുടെ അമ്മിണിയിലൂടെ കഥാകൃത്ത് പറയുന്നത്.

പ്ലാസ്റ്റിക്കിനെതിരെ കുട്ടികൾ എങ്ങനെ പ്രതികരിക്കണമെന്നും ഈ കഥയിൽ പറയുന്നു. ഉപയോഗം പരമാവധി കുറയ്ക്കുകയും, ഉപയോഗിച്ചതുതന്നെ വീണ്ടും ഉപയോഗിക്കുക. തുണിസഞ്ചി ഉപയോഗിക്കുക തുടങ്ങിയ നിർദ്ദേശങ്ങളും കഥയിലൂടെ കുട്ടികൾക്ക് മനസ്സിലാക്കാം.

സ്കൂളിൽ കുട്ടികൾ ആമിനയുടെ നേതൃത്വത്തിൽ പരിസ്ഥിതി ക്ലബ്ബുണ്ടാക്കുന്നത് സൂചിപ്പിക്കുന്നത്. ഇത് കുട്ടികളിൽ വരുത്തുന്ന ദിശാബോധത്തെയാണ്.

ആശംസകളോടെ,

കണ്ണൂർ
13-8-01

കെ. കെ. ചന്ദ്രൻ [ഒപ്പ്]

അസിസ്റ്റന്റ് കൺസർവേറ്റർ
ഓഫ് ഫോറസ്റ്റ്സ്
സോഷ്യൽ ഫോറസ്ട്രി കണ്ണൂർ



# ആമിനയുടെ അമ്മിണി

പൂക്കാടാണ് ആമിന താമസിക്കുന്നത്. സുന്ദരിയായ പെൺകുട്ടി. പത്താംക്ലാസ്സിൽ പഠിക്കുന്നു. ആമിനയുടെ കൂട്ടുകാരിയും, ജീവനുമാണ് എള്ള് കറുമ്പിയായ 'അമ്മിണി'. ആമിന അമ്മിണി എന്നു വിളിച്ചാൽമതി അമ്മിണി എവിടെയായാലും മറുപടികിട്ടിയിരിക്കും. അമ്മിണിപ്പശു പ്രസവിച്ചിട്ട് പത്തുദിവസമേ ആയിട്ടുള്ളൂ. ആമിനയും ഉമ്മയും അവരുടെ ചോറിൽ പകുതിയും വയറുനിറയെ പുല്ലും വെള്ളവും കൊടുത്ത് അമ്മിണിയെ സംരക്ഷിക്കുന്നു. അയൽപക്കത്തുള്ളവർക്കും അമ്മിണിയെ ഇഷ്ടമാണ്. ബാപ്പ മരിച്ച ആമിനയുടെ കുടുംബത്തിന്റെ ഏകവരുമാനമാർഗ്ഗമാണ് 'അമ്മിണി'.

ആമിന സ്കൂളിലെ കൂട്ടുകാരികളോടെല്ലാം അമ്മിണിയെക്കുറിച്ച് പറഞ്ഞു. അമ്മിണി കാട്ടുന്ന കുസൃതികൾ ഇപ്പോൾ 'അമ്മിണിയുടെ കിടാവിന്റെ കാര്യവും എല്ലാം. അമ്മിണിയെകുറിച്ച് പറയുമ്പോൾ ആമിനക്ക് നൂറ്നാവാണെന്ന്, കൂട്ടുകാരികൾ പറയാറുണ്ട്.

അടുത്ത അവധി ദിവസം അമ്മിണിയേയും കുട്ടിയേയും കാണുവാനും 'അമ്മിണി'യുടെ പാൽ കൊണ്ട് ചായകുടിക്കുവാനും സഹപാഠികളെ ആമിന ക്ഷണിച്ചു. എടീ നമുക്കും ഇങ്ങിനെ വേണം. എങ്കിലേ നമ്മുടെ വീട്ടിലെ പശുക്കളും, ആടും, പട്ടിയുമൊക്കെ നമ്മളെ സ്നേഹിക്കൂ. ആമിന പോ

കുന്ന വഴികിട്ടുന്ന പഴത്തൊലിയും എല്ലാംഅമ്മിണിക്കായ് കൊണ്ടു പോകും. കൂട്ടുകാരികൾ അവൾക്കായ് അത് സൂക്ഷിക്കുകയും ചെയ്യും.

ആമിനയെ രണ്ടു ദിവസമായി സ്കൂളിൽ കണ്ടില്ല. എന്തു സംഭവിച്ചു എന്നറിയാൻ കൂട്ടുകാരികൾ ആമിനയുടെ വീട്ടിലെത്തി. ആമിനയുടെ കരഞ്ഞു കലങ്ങിയ മുഖമാണ് കൂട്ടുകാരികൾ കണ്ടത്. 'ആമിന എന്തു സംഭവിച്ചു.' നിന്നെ കാണാത്തതു കൊണ്ടല്ലേ ഞങ്ങൾ വന്നത്. നിനക്ക് സുഖമില്ലേ.' സുലോചന ചോദിച്ചു.

'അതാ നമ്മുടെ അമ്മിണിക്ക് സുഖമില്ല. ഉമ്മ അമ്മിണിയുടെ അടുത്താണ്.' ആമിന കരഞ്ഞുകൊണ്ട് കൈ ചൂണ്ടി.

സുലോചനയും, പാത്തുമ്മയും, റോണിയും, ബിപാത്തുവും, കാർത്ത്യായനിയും മറെറല്ലാവരും അങ്ങോട്ടു നോക്കി. അവിടെ നിലത്തു കിടക്കുന്ന അമ്മിണിയെ ചൂടുപിടിക്കുകയാണ് ആമിനയുടെ ഉമ്മ.

'എന്താണ് അമ്മിണിക്ക് സംഭവിച്ചത്'' റോണി ചോദിച്ചു.

രണ്ടുദിവസമായി പുല്ലിനോടും മററ് ആഹാരസാധനങ്ങളോടും മടി ആയിരുന്നു. ഡോക്ടറെ കണ്ടു. ഡോക്ടർവന്ന് പരിശോധിച്ചു. കുത്തിവെച്ചു. പക്ഷെ അസുഖം കുറയുന്നില്ല. ഇപ്പോൾ ഡോക്ടറും ഉപേക്ഷിച്ചു'. ആമിന കരഞ്ഞുകൊണ്ട് പറഞ്ഞു.

'വാടി നമുക്ക്പോയി നോക്കാം'. എല്ലാവരും പശുക്കൂട്ടിലേക്ക് നടന്നു.



ആമിനയുടെ ഉമ്മ കുട്ടികളെകണ്ട് എണീററു. അവരുടെ കണ്ണുകൾ നിറഞ്ഞിരുന്നു. ആ കുടുംബത്തിന്റെ ഏക ആശ്രയമായിരുന്നു അമ്മിണിപ്പശു.

കുട്ടികൾ ആമിനയുടെ ഉമ്മയെ ആശ്വസിപ്പിച്ചു. അമ്മിണിയുടെ ദൈന്യമായ നോട്ടം എല്ലാവരേയും കരയിപ്പിച്ചു. പക്ഷേ എന്തുചെയ്യാനാകും

രണ്ടു ദിവസം കൂടി അതേ കിടപ്പു കിടന്ന് ആമിനയുടെ അമ്മിണി ചത്തു.

അമ്മിണിയെ ഇൻഷൂർ ചെയ്തിരുന്നതിനാൽ അമ്മിണിയെ ഡോക്ടർവന്ന് പോസ്ററ്മാർട്ടം ചെയ്തു. പോസ്ററ്മാർട്ടത്തിൽ അമ്മിണിയുടെ വയററ്നിറയെ ദഹിക്കാത്ത പ്ലാസ്ററിക്ക്കൂടുകൾ കണ്ടു. മരണകാരണം പ്ലാസ്ററിക്ക്കൂടുകൾ ഭക്ഷിച്ചതുമൂലമായിരുന്നു. അമ്മിണിക്ക്പഴവും മററ് സാധനങ്ങളും കൊടുത്തിരുന്നതും ഉപ്പുള്ളവസ്തുക്കൾകൊണ്ടുവന്ന കൂടുകളുമാണ് ഭക്ഷിച്ചത്.

ആമിന കൂട്ടുകാരികളോട് വിവരം പറഞ്ഞു. 'എന്തിനാടി ചത്തപശുവിനെ പോസ്ററ്മാർട്ടം ചെയ്യുന്നത്'. സുലോചനയ്ക്ക് സംശയം.

ഇപ്പോൾ നമ്മുടെ നാട്ടിൽ മൃഗങ്ങളെ പ്രത്യേകിച്ച് പശുക്കളെ ഇൻഷൂർ ചെയ്യാറുണ്ട്. ഇങ്ങിനെ ഇൻഷൂർ ചെയ്താൽ പശുവിനെന്തെങ്കിലും രോഗം വന്ന് ചത്താൽ പശുവിന്റെ വില ഇൻഷൂർകമ്പിനി നല്കും. ഇല്ലെങ്കിൽ നമുക്ക് രണ്ടാമതൊരു പശുവിനെ വാങ്ങാൻ സാധിക്കാതെ വരും അല്ലെങ്കിൽ വീണ്ടും കടം വാങ്ങേണ്ടിവരും

'അയ്യോ–ഇതു നല്ല പരിപാടി ആണല്ലോ കഴിഞ്ഞ മാസം ഞങ്ങളുടെ പുവാലി പശു ചത്തിട്ട് ഒന്നും കിട്ടിയില്ല, പത്തുലിററർ പാൽ കറക്കുന്നതായിരുന്നു. പപ്പക്കും മമ്മിക്കും ഇതൊന്നും അറിയില്ലേ' റോണിക്കു സംശയം.

പലരും ഇൻഷൂർ ചെയ്യാൻ മടിക്കും പശുവിന്റെ വില അനുസരിച്ച് ചെറിയൊരു തുക പ്രീമിയം അടക്കണം, അതു മടിച്ചാണ് പലരുംഇൻഷൂർ ചെയ്യാത്തത് ഈ അലസത ഒഴിവാക്കിയാൽ വൻ തുക ലാഭിക്കാം'

സുലോചന, റോണി ഇൻഷൂർ സംബന്ധമായി നമ്മൾ എല്ലാവരോടും പറയണം. നമ്മുടെ രാജ്യത്ത് നിയമങ്ങൾ വഴി ലഭിക്കുന്ന പ്രയോജനം കണ്ടോ? ഞാൻ ബാപ്പയോടും ഉമ്മയോടും ഇന്നുതന്നെ പറയും ബീപാത്തു പറഞ്ഞു.

'നമുക്കു കിട്ടുന്ന അറിവ് നമ്മൾ മററുള്ളവർക്ക് പ്രത്യേകിച്ചും നമ്മുടെ മാതാപിതാക്കൾക്കും മൂത്ത സഹോദരങ്ങൾക്കും നല്കിയാൽ അത് വളരെ പ്രയോജനം ചെയ്യും' കാർത്ത്യായനി പറഞ്ഞു.

'ഞാൻ ഈ കാര്യങ്ങൾ അമ്മയോടുപറയും അമ്മ ഞങ്ങളുടെനാട്ടിലെ മഹിളാസമാജം പ്രസിഡന്റായതിനാൽ തീർച്ചയായും വളരെയധികംഅമ്മമാർ അറിയും. പ്ലാസ്ററിക് തീർച്ചയായും പശുക്കൾക്ക് കൊടുക്കില്ല പശുവിനെ ഇൻഷൂർചെയ്യാനും ശ്രമിക്കും', സുലോചന പറഞ്ഞു.

'പ്ലാസ്ററിക് പശുക്കൾക്ക് മാത്രം കൊടുക്കാതിരുന്നാൽ പോര. പ്ലാസ്ററിക് കൂടുകൾ പ്രത്യേകിച്ചും റീസൈക്ലിൻ ചെയ്തത് ഉപയോഗിക്കാതിരിക്കണം. ഈ കാര്യങ്ങൾ കഴിഞ്ഞ ദിവസം വാ



ഹനജാഥയിൽ പറയുന്നതുകേട്ടതാ. പക്ഷേ അന്ന് ഇത്ര ഗൗരവമുണ്ടെന്നറിഞ്ഞില്ല. ബീപാത്തുപറഞ്ഞു.

'അതു ശരിയാ ഞാനും കടയിൽ സാധനം മേടിക്കാൻ പോയപ്പോൾ അവർ ജീപ്പിൽ വഴിയരികിൽ നിന്ന് ക്ലാസ്സെടുക്കുന്നതു ശ്രദ്ധിച്ചു. അപ്പോൾ എല്ലാവരും കളിയാക്കി. തൂക്കി പിടിക്കാം കനമില്ല നനയില്ല. എന്നൊക്കെപറഞ്ഞു. കഷ്ടം ഇപ്പോഴല്ലേ പ്ലാസ്റ്റിക് ഇത്രയും അപകടകാരിയാണെന്ന് അറിഞ്ഞത്'' റോണി പറഞ്ഞു.

അതുമാത്രമല്ല പ്ലാസ്ററിക് കത്തിക്കരുതെന്നും അത് കത്തിക്കുന്ന പുകയിലൂടെ ഉണ്ടാകുന്ന അതിമാരകമായ 'ഡാററ്സിൻ' കരളിൽ തുളയുണ്ടാക്കുവാൻമാത്രം ശക്തമാണെന്നും അന്നുപറഞ്ഞു. പ്ലാസ്ററിക് പറമ്പിലും വയലിലും കിടന്നാൽ ദ്രവിക്കത്തില്ല. മണ്ണിന്റെ ജൈവാംശം നശിക്കും എന്നും. 'ഞാനിതെല്ലാം ഇന്നുതന്നെ ഉപ്പയോടുപറയും'. പാത്തുമ്മ പറഞ്ഞു.

'അമ്പടീ-നീയും ഇതെല്ലാം അറിഞ്ഞിരുന്നോ എന്നിട്ടാണോ 'നീയും മമ്മദും പുസ്തകം പ്ലാസ്ററിക്കൂടിൽ കൊണ്ടുവരുന്നത്, കഴിഞ്ഞദിവസം സാധനംവാങ്ങിയിട്ട് അമ്പതുപൈസ കൂട് വാങ്ങിയത്, കൊള്ളാമല്ലോടീ' റോണി ചോദിച്ചു.

പ്ലാസ്റ്റിക്കിന്റെ ദോഷവശങ്ങൾഅറിഞ്ഞവരാരും പ്ലാസ്റ്റിക് കൂടുകളും മററ് ഉല്പന്നങ്ങളും ഉപയോഗിക്കരുത്. പക്ഷേ നമ്മളെല്ലാവരും അതെല്ലാം പെട്ടെന്ന് മറക്കുന്നവരാണ്. അല്ലേ നമ്മുടെ സ്കൂളിൽ തന്നെ കഴിഞ്ഞ ആഴ്ച പ്ലാസ്റ്റിക് കൂടുകൾ കൂട്ടിയിട്ട് കത്തിച്ചില്ലേ. അനിലും നൗഷാദും,തോമസും, രാജനും എത്ര നേരമാ ചുമച്ചത്,

നമ്മൾതന്നെയാണ് പലരോഗങ്ങളും ഉണ്ടാക്കുവാൻ കാരണക്കാർ. നമുക്കിന്നു തന്നെ കൂട്ടുകാരോടെല്ലാം പറയണം. പ്ലാസ്റ്റിക്കിന്റെഉപയോഗം കഴിയുന്നത്ര കുറയ്ക്കുവാൻ നമ്മൾ തീരുമാനമെടുക്കണം. 'ബീപാത്തു പറഞ്ഞു.

'ഇതു പറഞ്ഞപ്പോഴാ ഞാനോർക്കുന്നേ കഴിഞ്ഞ ആഴ്ച തുണിക്കടയിൽപോയി തുണിവാങ്ങിയപ്പോൾ പേപ്പർകൂട്ടിൽ തന്നപ്പോൾ കൊച്ചമ്മ പറഞ്ഞു ഞങ്ങൾക്ക് പ്ലാസ്റ്റിക് കൂടുവേണമെന്ന് അതില്ലഎന്നുപറഞ്ഞപ്പോൾ തുണിവേണ്ടെന്നുപറഞ്ഞു. കഷ്ടം ആ കളക്കാരനെ മനസ്സിലാക്കാനായില്ലല്ലോ. കാർത്ത്യായനിയുടെ സങ്കടം.

'നമ്മൾ ഇനിപ്ലാസ്റ്റിക് സഞ്ചിക്കുപകരംകടലാസ്,തുണിസഞ്ചികൾ ഉപയോഗിക്കുവാൻ പഠിക്കണം. നാണക്കേടല്ലേകുട്ടികളായനമ്മുടെജീവനാണ് ഇതുവഴി രക്ഷപ്പെടുന്നത്'. റോണി പറഞ്ഞു.

നമുക്ക് നമ്മുടെ സ്കൂളിൽ കുട്ടികളുടെ ഇടയിൽ ഈ അറിവ് നല്കണം. പ്ലാസ്റ്റിക് കൂടുകൾ ആരും ഉപയോഗിക്കാത്ത സ്കൂളാകണം നമ്മുടേത്. ഈ ശീലം നമ്മുടെ വീട്ടിലേക്ക് മാറണം. അങ്ങനെ നമ്മുടെ നാട്ടിൽ നിന്നും പ്ലാസ്റ്റിക് ഒഴിവാക്കണം ആമിന പറഞ്ഞു.

ആമിനയുടെ നേതൃത്വത്തിൽ സ്കൂൾ ഹെഡ്മാസ്റ്ററുടെ അനുവാദത്തോടെ പരിസ്ഥിതി സംബന്ധമായ അറിവു നല്കുവാനും പ്ലാസ്റ്റിക് ഉല്പന്നങ്ങളുടെദോഷവശങ്ങൾ അറിഞ്ഞ് ഉപയോഗം തീർത്ത ഇല്ലാതാക്കാനും കുട്ടികളുടെ സംഘടന രൂപീകരിച്ചു.

'ആമിനയുടെ അമ്മിണിക്കുണ്ടായ അനുഭവം ഇനി ആർക്കും ഉണ്ടാകരുത്.' കുട്ടികൾ എല്ലാവരും ഒരുമിച്ച് പറഞ്ഞു.

——— ★ ———

Digitalized by
Thomas John Palakkudy